(ഡി) സിസിലിപുരത്ത് പോസ്റ്റ് സ്ഥാപിക്കുവാനുണ്ടായ കാലതാമസത്തിനുള്ള കാരണം എന്തെന്ന് വെളിപ്പെടുത്തുമോ; ഈ കാലതാമസത്തിനുള്ള ഉത്തരവാദിത്തം ആർക്കാണ്; അവരുടെമേൽ ഈ കാലതാമസത്തിന് നടപടിയെടുക്കുമോ;

(ഇ) സിസിലിപുരത്ത്, 15-4-2005-ൽ പണമടച്ച പ്രകാരമുള്ള പോസ്റ്റ് ഉടനടി സ്ഥാപിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പണമടച്ചു കഴിഞ്ഞാലുടൻ പോസ്റ്റിന്റെ ലഭ്യതയനുസരിച്ച് എത്രയും വേഗം പണി പൂർത്തീകരിക്കുന്നതാണ്.

(സി) 22 എണ്ണം.

(ഡി) & (ഇ) പോസ്റ്റ് സ്ഥാപിക്കുന്ന സ്ഥലത്തെക്കുറിച്ചുള്ള പ്രദേശവാസികളുടെ തർക്കംമൂലമാണ് പണി പൂർത്തീകരിക്കാൻ കഴിയാത്തത്. തർക്കം തീർന്നാലുടൻ പണി പൂർത്തീകരിക്കുന്നതാണ്.

പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണം

81 [362] ശ്രീ. ബി. വിജയകുമാർ:

,, വി. ജെ. പൗലോസ്:

,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ, പന്നിയാർ ചെങ്കുളം പദ്ധതികളുടെ നവീകരണത്തിനുള്ള കോൺട്രാക്ട് ടെണ്ടർ കൂടാതെ എസ്. എൻ. സി. ലാവലിന് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ മലബാർ കാൻസർ സെന്ററിന് എന്ത് ധനസഹായം ചെയ്യാമെന്നാണ് എസ്. എൻ. സി. ലാവലിൻ വാഗ്ദാനം ചെയ്തത്;

(ബി) ഈ വാഗ്ദാനം ഏതെല്ലാം രേഖകളിൽ പരാമർശിച്ചിട്ടുണ്ട്;

(സി) പ്രസ്തുത നവീകരണത്തിനുള്ള കോൺട്രാക്ടിൽ ഇത് പറഞ്ഞിരുന്നോ; ഇല്ലെങ്കിൽ ആരുടെ വീഴ്ചയാണ്.

(ഡി) എവിടെനിന്നെല്ലാം പണം സ്വരൂപിച്ച് നൽകാമെന്നാണ് അവർ വാഗ്ദാനം ചെയ്തിരുന്നത്;

(ഇ) ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് കനേഡിയൻ ഗവൺമെന്റിനോ ഹൈക്കമ്മീഷനോ കത്ത് നൽകിയിരുന്നുവോ; എങ്കിൽ എന്ത് മറുപടി കിട്ടിയെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ), (ബി) & (സി) 1998-ൽ ഒപ്പുവച്ച ധാരണാപത്രത്തിൽ ധനസഹായത്തിന്റെ തുക, ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ 1997 ഡിസംബർ 23-ന് എസ്.എൻ.സി. ലാവലിൻ സീനിയർ വൈസ് പ്രസിഡന്റ് ശ്രീ. ക്ലാസ്ട്രിൻഡിൽ അന്നത്തെ വൈദ്യുതി ബോർഡ് ചെയർമാൻ ഡോ. വി. രാജഗോപാലിന് അയച്ച കത്തിൽ 103 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കാമെന്ന് വ്യക്തമാക്കിയിരുന്നു. ഈ പദ്ധതി പള്ളിവാസൽ, ചെങ്കുളം, പന്നിയാർ പുനരുദ്ധാരണ പദ്ധതിയോട് നേരിട്ട് ബന്ധപ്പെട്ട താണെന്നും ഇവ രണ്ടും ഒരുമിച്ച് (concurrently) തന്നെ ചെയ്യേണ്ടതാണെന്നും അറിയിച്ചിരുന്നു. കാനഡയിലെ എക്സ്പോർട്ട് ഡെവലപ്മെന്റ് കോർപറേഷനും (EDC) എസ്. എൻ. സി. ലാവ്‌ലിനും തമ്മിൽ ലോൺ എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് തുക ലഭ്യമാക്കാമെന്ന് ഉറപ്പു നൽകുന്നതായും വ്യക്തമാക്കിയിട്ടുണ്ട്. 1997 ജനുവരി 9-ന് അന്നത്തെ വൈദ്യുതി വകുപ്പു മന്ത്രിക്ക് കനേഡിയൻ ഹൈക്കമ്മീഷണർ എസ്. ഇ. ഗൂച്ച് അയച്ച കത്തിൽ പള്ളിവാസൽ, പന്നിയാർ, ചെങ്കുളം നവീകരണ പദ്ധതിയോടനുബന്ധമായി മലബാർ കാൻസർ സെന്ററിനുള്ള സഹായം എസ്. എൻ. സി. ലാവ്‌ലിൻ സമാഹരിച്ചുകൊണ്ടിരിക്കുന്നതായി മനസ്സിലാക്കുന്നു എന്ന് സൂചിപ്പിച്ചിരുന്നു. എന്നാൽ ഇക്കാര്യങ്ങളെപ്പറ്റി നവീകരണ കരാറിൽ പരാമർശിച്ചതായി കാണുന്നില്ല.

(ഡി) എസ്. എൻ. സി. ലാവ്‌ലിന്റെ സംഭാവന കൂടാതെ കനേഡിയൻ ഇന്റർനാഷണൽ ഡെവലപ്മെന്റ് (CIDA) ഏജൻസി ക്യൂബക് ഗവൺമെന്റ്, മറ്റ് സഹായദാതാക്കൾ എന്നിവരിൽ നിന്നും പണം സമാഹരിച്ച് നൽകാമെന്നാണ് അറിയിച്ചിരുന്നത്.

(ഇ) കനേഡിയൻ ഹൈക്കമ്മീഷൻ കത്തയച്ചിരുന്നു. കനേഡിയൻ ധനകാര്യ ഏജൻസിയായ 'സിഡ' 1.8 മില്യൺ ഡോളർ എസ്. എൻ. സി. ലാവ്‌ലിന് നൽകിയെന്നും ധാരണയനുസരിച്ചുള്ള പൂർണ്ണ ഉത്തരവാദിത്തം നിറവേറ്റിയിട്ടുണ്ടെന്നും ഈ വിഷയത്തിൽ കൂടുതൽ അന്വേഷണങ്ങളും ധനസഹായ അഭ്യർത്ഥനയും എസ്. എൻ. സി./ലാവ്‌ലിനുമായി നേരിട്ടു നടത്തണമെന്നും ഹൈക്കമ്മീഷണർ അറിയിക്കുകയുണ്ടായി. അതിൻ പ്രകാരം എസ്. എൻ. സി. ലാവ്‌ലിന് 15-11-2005-ലും 17-1-2006-ലും കത്തുകളയച്ചിട്ടുണ്ട്.

പമ്പ-അച്ചൻകോവിൽ നദികളിൽ സ്ഥാപിക്കുവാൻ ഉദ്ദേശിച്ച പദ്ധതികൾ

62 [363] ശ്രീ. കെ. മുഹമ്മദാലി:
,, കെ. എ. ചന്ദ്രൻ:
,, ടി. എൻ. പ്രതാപൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ: